പത്രകുറിപ്പ് (20-02-2018)

സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ ആഭിമുഖ്യത്തിലുള്ള ഈ വർഷത്തെ സംസ്ഥാനതല ക്വിസ് മത്സരം 21-02-2018 തിയ്യതി രാവിലെ 9.30 മണി മുതൽ വൈകീട്ട് 3.00 മണി വരെ രാമവർമ്മപുരത്തുള്ള പോലീസ് അക്കാദമിയിലെ ആംഫി തിയ്യറ്ററിൽ വെച്ച് നടത്തുന്നു. സംസ്ഥാനത്തെ 19 പോലീസ് ജില്ലകളിൽ ജില്ലാ തലത്തിൽ നടത്തിയ ക്വിസ് മത്സരത്തിൽ ഒന്നാം സമ്മാനാർഹമായ ടീമുകളാണ് സംസ്ഥാന തല മത്സരത്തിൽ പങ്കെടുക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നായി കേഡറ്റുകൾ ഉൾപ്പടെ 1500 ഓളം പേർ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. മത്സരത്തിന്റെ ഉദ്ഘാടനം 21-02-2018 തിയ്യതി രാവിലെ 9.30 മണിക്ക് ബഹു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീമതി അജിതാ ജയരാജൻ നിർവ്വഹിക്കും. പ്രശസ്ത സിനിമ താരം പ്രിയാ പ്രകാശ് വാരിയർ ചടങ്ങിൽ മുഖ്യാഥിതിയായി പങ്കെടുക്കും. വൈകിട്ട് മൂന്ന് മണിക്ക് നടത്തുന്ന സമാപന പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സമ്മാനദാനം നിർവ്വഹിക്കും. ഉദ്ഘാടന, സമാപന ചടങ്ങുകളിൽ ജനപ്രതിനിധികളും, സാമൂഹ്യ - സംസ്കാരിക രംഗത്തെ പ്രമുഖരും, ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും പങ്കെടുക്കും.

മേൽ ചടങ്ങിലേയ്ക്ക് എല്ലാ മാധ്യമ സുഹൃത്തുക്കളെയും സാദരം ക്ഷണിച്ചുകൊള്ളുന്നു.

Sd/-

ജില്ലാ പോലീസ് മേധാവി,

തൃശ്ശൂർ സിറ്റി.